# അപ്പൂപ്പൻതാടി

## ഡിജിറ്റൽ മാസിക

## വി.എച്ച്.എസ്സ്.എസ്സ്.കല്ലിശ്ശേരി

# സന്ദേശം



ഹൈടെക്ക് പഠനത്തിന്റെ വിജയപഥത്തിലേക്ക് കുതിക്കുന്ന ,ഡിജിറ്റിൽ മാഗസിന്റെ പിന്നിൽ പ്രവർത്തിച്ച ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്ക് എല്ലാഭാവുകങ്ങളും നേരുന്നു.

ഈ വർഷം ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ നേതൃത്വത്തിൽ നമ്മുടെ സ്ക്കൂളിൽ കുട്ടികൾ തയ്യാറാക്കിയ മാഗസിൻ സ്ക്കൂൾ ചരിത്രത്തിന്റെ നാഴികക്കല്ലാകട്ടെ എന്നാശംസിക്കുന്നു.

എന്ന്,
ഹെഡ്മിസ്ട്രസ്
കെ.സരസ്വതി

വിദ്യാലത്തിലെ നിയന്ത്രണ ചരടുകളുടെ സംരക്ഷണയിൽ ഉയർന്നു പറക്കുന്ന പട്ടമായി ,വർണ്ണങ്ങൾ വിതറിവിലസുന്ന കുഞ്ഞുങ്ങൾക്ക് ചിരിക്കുവാനും, ചിന്തിക്കുവാനും സ്വപ്നങ്ങൾ നെയ്യുവാനുമുള്ള അവസരമൊരുക്കുകയാണ് " ലിറ്റിൽ കൈറ്റ്സി"ന്റെ നേതൃത്വത്തിലുള്ള ഈ ഡിജിറ്റൽ മാഗസിൻ.

ഈ ഉദ്യമം കവിതയായ്,കഥയായ്,ലേഖനമായ്, ചിത്രമായ് ഇവിടെ പുനർജനിക്കട്ടെ എന്നാശംസിക്കുന്നു.

സതീഷ്.എൻ
ഗണിതശാസ്ത്ര
അധ്യാപകൻ,SITC



പ്രിയപ്പെട്ട കുഞ്ഞുങ്ങളെ,

വളരുവാനുള്ള ഏറ്റവും നല്ല പോംവഴി വളരണം എന്ന ചിന്ത മനസ്സിൽ ഉറപ്പിക്കലാണ്.അങ്ങനെ മനസ്സിൽ ഉറപ്പിച്ച ഒരാളും വളരാതിരുന്നിട്ടില്ല.വിശാലമായ അറിവുനേടാനുള്ള മാർഗ്ഗങ്ങളെല്ലാം നമുക്കുമുൻപിലുണ്ട്.വിരൽത്തുമ്പിലുണ്ട്.ജീവിതപാഠങ്ങൾ കരുത്തുറ്റവരാക്കിയ നിങ്ങൾക്ക് അത്രത്തോളം പ്രയാസമാവില്ല ഒരു പഠനവും.ഒരുനല്ല നാളേക്കായ് സ്വരുക്കൂട്ടേണ്ട സ്വപ്നങ്ങൾ ഇവിടെ നിന്നും ഉടലെടുക്കണം.ആ സ്വപ്നങ്ങൾക്കൊത്ത് സഞ്ചരിക്കാൻ നിങ്ങൾക്കോരോരുത്തർക്കുമാകണം.

സ്നേഹപൂർവ്വം



സൗമ്യ.എസ്സ്.നമ്പൂതിരി,

സംസ്കൃതം അധ്യാപിക

(കൈറ്റ് മിസ്ട്രസ്)

ഈ അക്ഷരമുറ്റത്ത്
അറിവിന്റെ ആകാശം കാണിച്ചു
തന്ന അധ്യാപകരെ നമിച്ചുകൊണ്ട്

**ഈ വിദ്യാലയത്തിന്റെ**
**സ്പന്ദനങ്ങളിലേക്ക് എല്ലാവരേയും**
**ക്ഷണിച്ചുകൊള്ളുന്നു.**



**എഡിറ്റർ**

**അഞ്ജന.ടി.എ**

## ഉള്ളടക്കം

കേരളം(കവിത)................ചന്ദന വിജയൻ
യാത്രാവിവരണം...............ഫേബ.പി.ബിജു
ചിത്രരചന
അമ്പിളിമാമൻ...................അക്ഷരമോൾ
കവിത(അമ്പിളി വെട്ടം)........റോഷ്നി.പി.ജി
കവിത(ഋമഴ).......................രാഘി രമേശ്
ചിത്രം
ലേഖനം(പടയണി).................ചന്ദന വിജയൻ
കവിത(നിഴൽ വീണ ബാല്യം).....സുജ ടീച്ചർ
കവിത(എന്റെ സ്വപ്നം)...........
ഓർമ്മ കുറിപ്പ്...................മഞ്ജു
ചിത്രം
കവിത(പുള്ളിമാൻ)............ഗ്രീഷ്മ.പി.ജി
കവിത ഒരു ആസ്വാദനം..........ശ്രീക്കുട്ടി
ചിത്രം
കവിത(എന്റെ സ്വപ്നം)..................സുലേഖ ടീച്ചർ
ചിത്രം
കവിത(മഴ).............സാനിയസാബു
ലേഖനം............സൗമ്യ ടീച്ചർ
കവിത(തത്തമ്മ).......................മഞ്ജു
ലേഖനം(സ്വാമി വിവേകാനന്ദൻ).......ജ്യോതിക മധു
കവിത(കരടിക്കുട്ടൻ)................അഞ്ജന.ടി.എ

കവിത(മലയാളഭാഷ)..........ചന്ദനവിജയൻ

ലേഖനം.................ശോഭടീച്ചർ

വായനക്കുറിപ്പ്...................സാന്ദ്ര.പി.സതീശ്

കവിത(കാട്).....................ആദിത്യസുനിൽ

ലേഖനം.................ശ്രുതി.എസ്

# കേരളനാട്

കേരം തിങ്ങും കേരളനാട്
കേളിയെഴുന്നൊരു കേരളനാട്
കാകളിയുണരും കേരളനാട്
കഥകളിയാടും കേരളനാട്

കളകളമൊഴുകുംതെളിനീർനദികൾ
ഒഴുകിത്തെളിയും ചെറുകായലുകൾ
നർത്തനമാടും കടലോളങ്ങൾ
നമ്മുടെനാടിന്നുൾപ്പുളകങ്ങൾ



തങ്കം തെളിയും നെൽപ്പാടങ്ങൾ
വർണ്ണംവിടരും മയിലാട്ടങ്ങൾ
കാറ്റിൽകുളിരുംവനവൃക്ഷങ്ങൾ
കേരള നാടിൻ മാഹാത്മ്യങ്ങൾ

ചന്ദനവിജയൻ,8 എ



# മൂന്നാറിലേക്കൊരു യാത്ര

കഴിഞ്ഞ മധ്യവേനലവധി എനിക്ക് ഒരുപാട് അനുഭവങ്ങൾ സമ്മാനിച്ചു..കൺകുളിർപ്പിക്കുന്ന കാഴ്ചകളും മനം കുളിർപ്പിക്കുന്ന കാലാവസ്ഥയും അനുഭവിക്കാൻ മൂന്നാറിനേക്കൊരു യാത്ര.വർണ്ണനകൾക്കതീതമാണ് അവിടത്തെ സൗന്ദര്യം.നോക്കത്താദൂരത്തോളം വ്യാപിച്ചുകിടക്കുന്ന തെയിലത്തോട്ടങ്ങൾ,മലമേട്ടുകളിലെ തണുത്തുറഞ്ഞ മഞ്ഞ് ഇതൊക്കെ ആരെയാണ് അങ്ങോട്ട് ആകർഷിക്കാത്തത്.പാറക്കെട്ടുകളിലൂടെ മിന്നൽ വേഗതയിൽ പായുന്ന വരയാട്ടുകൾ മൂന്നാറിലെ സുന്ദരമായ കാഴ്ചയാണ്.പന്ത്രണ്ടു വർഷം കൂടുമ്പോൾ മാത്രം പൂക്കുന്ന നീലക്കുറിഞ്ഞി  കേട്ടറിവുകൊണ്ട് തൃപ്തിപ്പെടേണ്ടി വന്നെങ്കിലും മൂന്നാറിൽ കാണാൻ അതുമാത്രമല്ല എന്നുള്ളത് സന്തോഷം നല്കി.കണ്ടാലും മതിവരാത്ത കാഴ്ചകൾ .





**യാത്ര ഒരിക്കലുംഅവസാനിക്കാതിരുന്നെങ്കിൽ....................**

**ഫേബ.പി.ബിജു**



**വി.എച്ച്.എസ്സ്.എസ്സ്.കല്ലിശ്ശേരി**

# വിദ്യാലയത്തിന്റെ അകത്തളങ്ങളിലൂടെ.......


















# അമ്പിളിമാമൻ


നക്ഷത്രങ്ങൾ മിന്നിമറയും ആകാശക്കൂട്.
അമ്പിളിമാമൻ അവരോടൊത്ത്
പുഞ്ചിരിക്കുന്നു.
ഉരുകും പകലോനേകിയ ചൂടിൽ മനം
മടുക്കുമ്പോൾ.
കുളിരാലെത്തും നിന്റെ നിലാവ് മനം
മയക്കുന്നു.
തേങ്ങാപ്പൂളും കൊത്തിപ്പായും കാക്കക്കൂട്ടങ്ങൾ.
കണ്ണിൽ കാണാതോടിനടക്കാൻ
പാടുപെടുന്നോ നീ.

**അക്ഷരമോൾ**
**൯.എ**



# മാനത്തെ അമ്പിളി വട്ടം

മാനത്തുണ്ടൊരു അമ്പിളി വട്ടം
എത്ര മനോഹരം എത്ര സുന്ദരം
തട്ടി തട്ടി കളിക്കാൻ മോഹം
വെള്ളക്കൊക്കിൻ നിറമല്ലോ
മാനത്തിന്നൊരു രാജാവല്ലോ
തോഴികളാണോ താരങ്ങൾ
പകലോൻ നിന്നെ മറയ്ക്കുന്നു
പകലിൽ ശോഭ മായുന്നു
പുഞ്ചിരി തൂകി വന്നപ്പോൾ
പൂർണനിലാവിൽ വന്നപ്പോൾ
സന്തോഷത്താൽ തുള്ളിരസിച്ചു
നാടെല്ലാം
ചന്തത്തിൻ രാജാവെ മാനത്തിൻ
രാജാവേ
ഭൂമിയിൽ വിടരും പൂവല്ലോ
അമ്പിളി എന്നൊരു പൂവല്ലോ...........






**റോഷ്നി.പി.ജി,6 എ**




# ഉമഴ

മഴയെ മഴയെ വന്നാട്ടെ
മഴയിൽ വെള്ളം തന്നാട്ടെ
ഇവിടെ കാണും ജീവാംശം
നിന്നുടെ കൈകളിലാണല്ലോ
നീ എത്തുമ്പോൾ ജീവൻ തുടിക്കും
നീ വരുമ്പോൾ ഭൂമി തളിർക്കും
കിണറുകളെല്ലാം തെളിനീരാകും
വയലുകളെല്ലാം നിറകതിരാകും
മഴയെ മഴയെ വന്നാട്ടെ

രാഘി രമേശ്
8.എ



# വരകളിലൂടെ........







## അഭിഷേക്,5.എ

# പടയണി



**<u>എന്റെ ദേശത്തിന്റെ ഉത്സവം</u>**

മദ്ധ്യതിരുവിതാംകൂറിലെ  പ്രശസ്തമായ കലാരൂപം .പത്തനംതിട്ടയിലെ കടമ്മനിട്ടയിലും ,ഓതറപുതുകുളങ്ങര ദേവിക്ഷേത്രത്തിലും നടന്നുവരുന്നു.തിരുവാതിരനക്ഷത്രത്തിൽ  ആയിരത്തൊന്നുപാളയുടെ വലിയകോലം,വിവിധവർണ്ണങ്ങൾക്കായി സസ്യങ്ങളുടെ ചാറും,ചെങ്കൽപൊടി,കരിമഷി  എന്നിവചേർത്ത് തയ്യാറാക്കുന്നു.അതിമനോഹരമായ ഈദൃശ്യാവിഷ്കാരം നമ്മുടെ കണ്ണുകൾക്ക് കുളിർമയേകുന്നതാണ്.

ചന്ദനവിജയൻ



## നിഴൽ വീണ ബാല്യം

അരുതു സാറേ ശിക്ഷിക്കരുതെൻ മകനെ
പാവമാം അവനെ ശിക്ഷിക്കരുതേ
അമ്മയാം എൻമാറിൽ ചുടുപാൽ കുടിച്ചും
ഉമ്മവെച്ചും മന്ദസ്മിതം തൂകിയും
ചിന്നംപിന്നം ചാഞ്ഞുപെയ്യും
ചാറ്റമഴയിൽ തുള്ളിച്ചാടിയും
ചളിക്കുഴിയിൽ വീണുരുണ്ടുംപിരണ്ടും
മണ്ണപ്പമുണ്ടാക്കിയും കുട്ടിയും കോലും കളിച്ചും
തേൻമാവിൻ ചോട്ടിലണ്ണാറക്കണ്ണ-
നൊപ്പമിരുന്നു പഴമാങ്ങ ചപ്പിത്തിന്നും
വിടർന്നുകൊണ്ടിരുന്നെൻ മകനെ
ശിക്ഷിക്കരുതേ മാഷേ ശിക്ഷിക്കരുതേ

സൗന്ദര്യ ലഹരിയിൽ മുങ്ങിക്കുളിക്കുമാ
പൂമൊട്ടിനെ വിടരും മുമ്പേ
തച്ചുടച്ചുകളഞ്ഞൊരച്ഛൻ
മദ്യലഹരിയിലാടിത്തിമർത്ത-
ന്തിമയങ്ങിയ നേരത്തച്ഛൻ
പത്തുവയസ്സുകാരൻ സീമന്ത പുത്രനെ
തൊടിയിലേക്കെറിഞ്ഞു തൃപ്തനായ-
തെന്തനാണെന്നെനിക്കറിയില്ല.
ഒക്കത്തെടുത്തുവെച്ച കൈക്കുഞ്ഞുമായി
ഞാനുമെൻ മകനും പ്രാണനും കൊണ്ടോടി
ആരുമില്ലാത്തെൻ മകനു തുണയായി
ജീവിക്കയാണിന്നുഞാൻ
ആരുമില്ലാത്ത ഞങ്ങൾക്കാശ്രയം ഈശ്വരൻമാത്രം
അതേ.......ഈശ്വരൻ മാത്രം



സുജഏബ്രഹാം,
അധ്യാപിക



എന്റെ അവധിക്കാലത്തെ ഓർമ്മകൾ

**കുട്ടിക്കാലത്തെ ഓർമ്മകളിൽ എനിക്ക് ഏറ്റവും ഇഷ്ടം എന്റെ അവധിക്കാലമാണ്.കളിയും കുസൃതിയും ചേർന്ന് ,മഴയേയും മണ്ണിനേയും സ്നേഹിച്ച്,വെയിലും മഴയും ഒന്നും ബാധിക്കാതെ കളിക്കുന്ന അവധിക്കാലം .ചാമ്പമരത്തിൽ കയറി ചാമ്പക്ക ഉപ്പും മുളകും കൂട്ടി കഴിക്കുന്ന എന്റെ പ്രിയപ്പെട്ട അവധിക്കാലം .ഉരുണ്ടും പിരണ്ടും വീണാലും ആരും അറിയാതെ കൊണ്ടുനടക്കുന്ന എന്റെ കളിക്കാലം .ചെരിപ്പിടാതെ മണ്ണിൽ കൂടി നടന്നും മണ്ണ് കുഴച്ച് അപ്പം ഉണ്ടാക്കിയും അങ്ങനെ സന്തോഷത്തിന് അതിരുകളില്ലാത്ത നാളുകൾ എനിക്ക് ഏറ്റവും പ്രിയപ്പെട്ടതാണ്.ഇനിയും അടുത്ത അവധിക്കാലത്തെ വരവേല്ക്കാൻ തയ്യാറായി ഞാനും എന്റെ കൂട്ടുകാരും...........**

**മഞ്ജു**
8.എ



# നന്മമരം



റോഷ്നി. പി.ജി





സിദ്ധാർത്ഥ് സുരേഷ്

# പുള്ളിമാൻ

തുള്ളി തുള്ളിചാടിനടക്കും
പുള്ളിമാനേ
നിന്നോടൊത്ത്
ചാടിനടക്കാൻ
ഞാനും വന്നോട്ടേ
സ്വർണ്ണനിറത്തിൽ
മിന്നും നിന്നെ
ആരും നോക്കുല്ലേ
മിന്നും സൂര്യൻ നിന്നെ
കണ്ടാൽ
ഓടിയൊളിക്കില്ലേ
സൗന്ദര്യത്തികവാൽ നിന്നെ
ചമച്ച ദൈവത്തെ
കാണും കണ്ണിണകൾവഴിയും
ദിവ്യസ്നേഹത്തിൽ.



ഗ്രീഷ്മ.പി.ജി
8.എ



ശ്രീകുട്ടി.എം




## ഭൂമി എന്ന വിദ്യാലയം

ഭൂമി ഒരു വിദ്യാലയമാണെന്നു പറയാം.ആ വിദ്യാലയത്തെക്കുറിച്ച് അല്പം ചിന്തിക്കാം.എന്താണ് ഒരു വിദ്യാലയമെന്നു പറയുന്നത്.വിദ്യ പകർന്നു നല്കുന്ന ആലയമാണ് വിദ്യാലയം .വിദ്യ മാത്രമല്ല ഒരാൾക്ക് ഉണ്ടായിരിക്കേണ്ട എല്ലാസ്വഭാവഗുണങ്ങളും ഇവിടെ നിന്നു ലഭിക്കുന്നു.

തിങ്കളും താരങ്ങളും പ്രകാശം ചൊരിയുന്ന ആകാശത്തിനു കീഴിലാണ് പ്രപഞ്ച വിദ്യാലയം സ്ഥിതി ചെയ്യുന്നത്.കറുത്തആകാശം .മുള്ളുകൾ നിറഞ്ഞ റോസാച്ചെടി,വണ്ടുകൾ ,കല്ലത്താണി ഇവയെല്ലാം ആ വിദ്യാലയത്തിലെ ഗുരുനാഥൻമാരാണ്.

ഇന്നലെ കാർമേഘത്താൽ മൂടിനിന്ന ആകാശം ഇന്ന് തെളിഞ്ഞ പ്രഭാതമാണ് കാഴ്ച വെയ്ക്കുന്നത്.ഇത് സ്വാഭാവികമായി മാറി മാറി വരുന്ന മനുഷ്യന്റ സുഖത്തേയും ദുഖത്തേയും പ്രതിനിധാനം ചെയ്യുന്നു.

ഏത് വിഷമാവസ്ഥയിലും പുഞ്ചിരിക്കാനുള്ള മനസ്സ് മുൾചെടിത്തലപ്പത്ത് പുഞ്ചിരിയോടെ നില്ക്കുന്ന റോസാപ്പൂവ് നമ്മെ പഠിപ്പിക്കുന്നു.

ഇത്ര ചെറിയ ജീവിതത്തേയും മനോഹരമാക്കുവാൻ തേൻ നുകരാനെത്തുന്ന വണ്ടുകൾ പറഞ്ഞുതരുന്നു.

മറ്റുള്ളവരുടെ കഷ്ടപ്പാടുകളെ സ്വയം ഏറ്റെടുത്ത് ജന്മം സഫലമാക്കുക എന്ന മഹതത്ത്വം ഒരു കല്ലത്താണി നമ്മെ കാണിച്ചുതരുന്നു.

ഇങ്ങനെ പ്രപഞ്ചം എന്ന ഗുരുനാഥൻ നമ്മെ പഠിപ്പിക്കുന്നത് എത്രയോ വലിയ കാര്യങ്ങൾ

# ചിത്രങ്ങളിലെ പ്രകൃതി സൗന്ദര്യം






**സാന്ദ്ര.പി.സതീഷ്**

**6,എ**

## എന്റെ മനസ്സ്

സ്വപ്നങ്ങളുറങ്ങുന്നോരെൻ മനം
എൻ  സ്വപ്നങ്ങളേ വരൂ
നിങ്ങളോർക്കുന്നുവോ
തപ്ത നിശ്വാസധാരയായ്
എന്നിൽ പിറന്നതും




പൊട്ടിക്കരയുന്ന
നെഞ്ചകത്തിലും
ആനന്ദനൃത്തമാടിയിരിക്കിലും
പഠിച്ചപാഠങ്ങളെ
ചിട്ടപ്പെടുത്തി പൂർവ്വ
കാലത്തിന്റെ വിഹ്വലതകൾ
കാറ്റിൽ പറത്തി
മോഹത്തിൻ പുതുനാളം
കത്തിപ്പടരുമ്പോൾ
ചുറ്റും നിറമാർന്നൊരു
വിസ്മയപ്രപഞ്ചം
മാടിവിളിക്കുന്നു
സ്നേഹമസൃണ ഭാവങ്ങൾ
കൈവിട്ടുപോയോരെൻ
ചിത്തത്തിൻ തുടിത്താള
മൊപ്പിച്ച ചുവടേറ്റിയെൻ
നെഞ്ചിലേക്കമരുക സ്വപ്നങ്ങളേ
നിശ്വാസധാരയായ്,ജീവരക്തമായ്
ഒറ്റയ്ക്കിരുന്നെന്റെ സ്വപ്നങ്ങളെ
നൃത്തമാടിക്കുന്നതാണെനിക്കിഷ്ടം
എത്രമേൽ വിശുദ്ധിയെ
പ്രാപിച്ചാലും പോരായ്മകൾ
തീർക്കുന്നു ലോകം
പിന്നെയും സൃഷ്ടിക്കുന്നു
മേൽക്കുമേൽ ആകുലതകൾ
ചിപ്പിക്കുള്ളിൽ മുത്തെന്നപോൽ
ഒളിപ്പിച്ച ഞാനെന്റെ സ്വപ്നങ്ങളെ
ഇന്നിതാ കാഴ്ചവെയ്ക്കട്ടെ
എൻ സ്വപ്നങ്ങളെ.




**സുലേഖ സന്തോഷ്,**
**അധ്യാപിക**

# വരരുചി പെരുമ






## ബസന്ത്മുദി



## എനോഷ്.



# മഴ

*മഴയിൽ കുളിരും പൂന്തെന്നൽ*
*തെന്നാതങ്ങനെ വീശുന്നു*
*തുള്ളിപ്പെയ്യും നേരത്തും*
*തുള്ളാതങ്ങനെ പോകുന്നു*

*മീനുകൾ തുള്ളിമറിയുന്നു*
*മാലോകർക്കൊരു നിധിയായി*
*കാണാനെന്തൊരു ശേലായി*
*ആടിത്തിമർത്തു മറയുന്നു*



**സാനിയസാബു**

**9.എ**



# ഒരു ഭാരതീയനായതിൽ ഞാൻ അഭിമാനിക്കുന്നു

"അറിവിൽ ആനന്ദിക്കുന്നവരുടെ രാജ്യം"
"സമാധാനപ്രിയന്മാരായ ജനങ്ങളുടെ രാജ്യം"
"ലോകരാജ്യങ്ങൾക്കെല്ലാം വഴികാട്ടിയായിരുന്ന രാജ്യം"

ഇങ്ങനെ എത്ര എത്ര വിശേഷണങ്ങളാണ് ഭാരതത്തിനുള്ളത്.ഭാരതം നമ്മുടെ രാജ്യമാണ്.ഭാരതത്തിന്റെ സമ്പൂർണ്ണവും വൈവിധ്യപൂർണ്ണവുമായ പാരമ്പര്യത്തിൽ നാം അഭിമാനം കൊള്ളുന്നവരുമാണ്.ഭാരതത്തിന്റെ ആ പാരമ്പര്യം എന്താണ് എന്നുള്ളത് നാം അറിയേണ്ടതുണ്ട്.

ലോകത്തിന്റെ മുഴുവൻ നന്മയ്ക്കുവേണ്ടി പ്രാർത്ഥിച്ചിരുന്ന ഒരു രാഷ്ട്രമായിരുന്നു ഭാരതം.ഭാരതത്തിന്റെ ഏത് മംഗളകർമ്മവും അവസാനിച്ചിരുന്നത് "ലോകാ: സമസ്താ: സുഖിനോഭവന്തു" എന്ന വേദമന്ത്രം ചൊല്ലിയാണ്.വസുധൈവ കുടുംബകം എന്ന സന്ദേശം ലോകത്തിനു നല്കിയത് ഭാരതമാണ്.

വേദങ്ങൾ,പുരാണങ്ങൾ,ഉപനിഷത്തുകൾ,ഇതിഹാസങ്ങൾ തുടങ്ങി എണ്ണമറ്റ വിജ്ഞാനഗ്രന്ഥങ്ങളുടെ ഉറവിടമാണ്ഭാരതം. രാഷ്ട്രതന്ത്രം,ആരോഗ്യശാസ്ത്രം,ഗണിതശാസ്ത്രം,ജ്യോതിശാസ്ത്രം തുടങ്ങി അനേകം ശാസ്ത്രശാഖകൾ ലോകത്തിന് ഭാരതം നല്കിയ സംഭാവനയാണ്.

സ്വാമിവിവേകാനന്ദൻ,മഹാത്മാഗാന്ധി തുടങ്ങി അനേകം മഹാന്മാർക്ക് അവരുടെ നിസ്വാർത്ഥമായ കർമ്മങ്ങൾക്ക്

പ്രചോദനമേകിയത് ഭഗവത്ഗീതയിലെ തത്വങ്ങളാണെന്ന് അവർ സാക്ഷ്യപ്പെടുത്തുന്നു.

കേവലം മനുഷ്യനെ മാത്രമല്ല സർവ്വ ചരാചരങ്ങളേയും ആദരിക്കുകയും പൂജിക്കുകയും ചെയ്യുന്ന ഭാരതീയ പാരമ്പര്യത്തിനപ്പുറം മഹത്തരമായി എന്താണുള്ളത്. "ജനനീ ജന്മഭൂമിശ്ച സ്വർഗ്ഗാദപി ഗരീയസി"(ജനനിയും ജന്മഭൂമിയും സ്വർഗ്ഗത്തേക്കാൾ ശ്രേഷ്ഠമാണ്)എന്ന രാമായണത്തിലെ വരികൾ നല്കുന്ന സന്ദേശവും നമ്മുടെ മനസ്സിൽ നിറഞ്ഞ് ഭാരതമാതാവിനെ നെഞ്ചോട് ചേർക്കാൻ നമുക്കാവട്ടെ.

"ഭാരതമെന്നപേർകേട്ടാൽ
അഭിമാനപൂരിതമാകണമന്തരംഗം"

സൗമ്യ.എസ്.നമ്പൂതിരി
സംസ്കൃതഅധ്യാപിക

## വേടനും പരുന്തും(കുഞ്ഞിക്കഥ)

കിങ്ങിണിക്കാട്.ശത്രുവായ പരുന്തിനെ കണ്ടു പേടിച്ച തേൻകുരുവി കാട്ടിലെ ഇലകൾക്കിടയിൽ ഒളിച്ചു.പുറകെ വന്ന പരുന്ത് വലവിരിച്ചുനിന്ന വേടന്റെ കെണിയിൽ വീണു.ഭയന്ന പരുന്ത് കരഞ്ഞു പറഞ്ഞു "ഞാൻ അങ്ങേയ്ക്ക് ഒരു ദ്രോഹവും ചെയ്തിട്ടില്ലല്ലോ എന്നെ പോകാൻ അനുവദിക്കണം."വേടൻ പറഞ്ഞു." എന്നോട് നീ ദ്രോഹം ചെയ്തില്ല.ശരി നിന്നോട് ദ്രോഹം ചെയ്യാത്ത കുരുവിയെ കൊല്ലാൻ നീ എന്തിനു വന്നു".പരുന്ത് പറഞ്ഞു "എനിക്ക് തെറ്റ് മനസ്സിലായി.എളിയവരെ ഉപദ്രവിക്കരുത്".ഇതുകേട്ട് വേടൻ പരുന്തിനെ വെറുതെ വിട്ടു.

നന്ദന.ബി

9.എ



# തത്തമ്മ



ഓലത്തുമ്പിൽ പാറിനടക്കും
പച്ചതത്തമ്മേ
പച്ചപ്പെല്ലാം നിന്നുടെ മേനിയിൽ
വന്നതുനീ കണ്ടോ?
ചുണ്ടിൽ ചോപ്പും
തേച്ചുനടന്നീയുലകം ചുറ്റുമ്പോൾ
എങ്ങും പച്ചപ്പേകാൻമാത്രം
പച്ചിച്ചാണോ നീ?
നിന്നോടൊപ്പം പാറിനടക്കാൻ ഞാനും വന്നോട്ടെ
നെൽമണികൊത്തിപാറിനടക്കും പച്ചതത്തമ്മേ

മഞ്ജു
8.എ

# മൊഴിമുത്തുകൾ

ഓരോ വീട്ടും
ഓരോ വിദ്യാലയമാണ്
മാതാപിതാക്കൾ
അധ്യാപകരും

-ഗാന്ധിജി

സൂര്യൻ ഉദിക്കുമ്പോൾ
ഇരുട്ടകലുന്നതുപോലെ
അറിവുദിക്കുമ്പോൾ
അജ്ഞതയും മാറിപ്പോകുന്നു.

-ശ്രീനാരായണഗുരു

വെറുപ്പിനെ ഒരിക്കലും വെറുപ്പിനാൽ
ഇല്ലാതാക്കാൻ കഴിയില്ല.
എന്നാൽ സ്നേഹത്തിനാൽ വെറുപ്പിനെ
ഇല്ലാതാക്കാൻ കഴിയും.

-ശ്രീബുദ്ധൻ

ബിൻസി.കെ.ബാബു
9.എ



## സ്വാമിവിവേകാനന്ദൻ

ഭാരതം എന്ന ഈ പുണ്യഭൂമിയിൽ,ലോകത്തിനാകമാനം അഭിമാനമായിത്തീർന്ന ഒട്ടനവധി മഹത്വ്യക്തികൾ പിറവിയെടുത്തിട്ടുണ്ട്.ശ്രീ ബുദ്ധനനും,മഹാത്മാഗാന്ധിയും കാളിദാസനുമൊക്കെ ആ ശ്രേണിയിൽ വന്നുദിച്ചവരാണ്.എന്നാൽ ആത്മീയതയുടെ നറുനിലാവ് പൊഴിച്ച് ഇരുളാർന്ന ജീവിതവീഥികളെ പ്രകാശപൂരിതമാക്കിയ ഒരു മഹാപ്രതിഭ പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ഇവിടെ വന്നു പിറന്നു.നരേന്ദ്രൻ എന്ന ആബാലൻ പിന്നീട് ആത്മീയതയുടേയും ദേശീയതയുടേയും സമഞ്ജസഭാവമാർന്ന് ലോകശ്രദ്ധയാകർഷിച്ച വ്യക്തിത്വമായി വളർന്നു.അതെ ഓരോ ഭാരതീയന്റേയും മനസ്സിൽ ദേശസ്നേഹത്തിന്റെ വൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ച് യൗവനം അവസാനിക്കുന്നതിനുമുൻപ് കാലയവനികയ്ക്കുള്ളിൽ മറഞ്ഞ മഹാത്മാവ്,സ്വാമിവിവേകാനന്ദൻ.



1863 ജനുവരി 12 ന് ജനിച്ച അദ്ദേഹം വേദാന്ത തത്വശാസ്ത്രത്തിന്റെ ആധുനികകാലത്തെ ഏറ്റവും ശക്തനായ വക്താവും ഇന്ത്യയിലെമ്പാടും സ്വാധീനമറിയിച്ച ആത്മീയഗുരുവുമായിരുന്നു.രാമകൃഷ്ണമഠം,രാമകൃഷ്ണമിഷൻ എന്നിവയുടെ സ്ഥാപകനും ആണ്.സന്യാസിയാകുന്നതിനു മുൻപ് നരേന്ദ്രനാഥ് ദത്ത എന്നായിരുന്നു അദ്ദേഹത്തിന്റെ പേര്.ഇന്ത്യയുടെ യുവത്വത്തെ തൊട്ടുണർത്താൻ വിവേകാനന്ദസ്വാമിയുടെ പ്രബോധനങ്ങൾ വളരെ സഹായകമായിട്ടുണ്ട്.
ആശയസമ്പുഷ്ടമായ പ്രസംഗങ്ങൾ കൊണ്ടും ഭയരഹിതമായ പ്രബോധനങ്ങൾ കൊണ്ടും ഇന്ത്യയിലെമ്പാടും അനുയായികളെ സൃഷ്ടിച്ചെടുക്കാൻ അദ്ദേഹത്തിനു സാധിച്ചു.1902 ജൂലൈ 4 അദ്ദേഹത്തിന് 39 വയസ്സുള്ളപ്പോഴാണ് അദ്ദേഹം ഇഹലോകവാസം വെടിഞ്ഞത്.

ജ്യോതിക.മധു
10.എ





## കരടികുട്ടൻ

കരടികുട്ടൻ തടിയച്ചാർ.
വയറുകുലുക്കി വരുന്നുണ്ടേ.
വിശന്ന് വലഞ്ഞ് വരുന്നുണ്ടേ.
കുലുങ്ങി തളർന്നു വരുന്നുണ്ടേ.
മുഖമതു കണ്ടാൽ മത്തങ്ങ.
ചുണ്ടതു കണ്ടാൽ പാവയ്ക്ക.
ദേഹം കണ്ടാൽ മൊത്തത്തിൽ
പേടിപ്പിക്കും കരിമാക്കൻ.

അഞ്ജന.ടി.എ

9.എ






## മലയാളം

മാതൃഭാഷതൻ നേരിൻ നിലാവു നാം
ഓരോന്നോരോന്നായ് ചൊല്ലിപ്പഠിക്കുമ്പോൾ
ഒന്നൊന്നായി നാം നേടുന്നറിവുകൾ
എന്നുമെന്നുംമനസ്സിൽ നിറയണം

മലയാളത്തിന്റെ പൂർവ്വപിതാക്കളെ
നന്ദിയോടെ സ്മരിക്കണം നാമെന്നും
ഭാഷനല്കിയ സംസ്കാരസമ്പത്തിൻ
കാരണഭൂതരാകിയ സൂരികൾ

മാതൃത്വത്തിന്നൊരുവരമ്പില്ലപോൽ
മലയാളത്തിന്റെ മാറിലുറങ്ങി നാം
മലയാളംവിട്ടകലാതെയെന്നുമാ-
മലയാണ്മയ്ക്കൊരലങ്കാരമാകണം

ചന്ദന വിജയൻ
8.എ

# മറിയാന ട്രഞ്ച്



ആയിരക്കണക്കിനാളുകൾ എവറസ്റ്റ് കൊടുമുടി കീഴടക്കിയിട്ടുണ്ടെങ്കിലും നമ്മുടെഭൂമിയുടെ ഏറ്റവും ആഴമുള്ള സ്ഥലം ഏതാണെന്നറിയാമോ?

അതാണ് പസഫിക് സമുദ്രത്തിലെ മറിയാന ട്രഞ്ച്.

ഇതേവരെ രണ്ട് മനുഷ്യർക്കേ അവിടെ ചെന്നെത്താൻ പറ്റിയിട്ടുള്ളൂ.കൃത്യമായി ഫിലിപ്പീൻസിൽ നിന്നും 124 മൈൽ അകലെ ,1500 മൈൽ (2500km)ആഴവും 43 മൈൽ (69km)വീതിയും ഉണ്ട്.സമുദ്രനിരപ്പും ട്രഞ്ചിന്റെ ഏറ്റവും ആഴമുള്ള ബിന്ദുവും തമ്മിലുള്ള അകലം 322km ആണ്.



എവറസ്റ്റ് കൊടുമുടി പസഫിക് സമുദ്രത്തിൽ,മറിയാന ട്രഞ്ചിലേക്ക്

വീണുപോയാൽ കൊടുമുടിയുടെ അഗ്രം
കഴിഞ്ഞ് പിന്നെയും 1.6km എത്തേണ്ടിവരും അന്തർ ഭാഗത്ത്
എത്താൻ.

മറിയാന ട്രഞ്ചിന്റെ ആകൃതി
അർദ്ധവൃത്താകൃതി(crescentshaped) ആണ്.ട്രഞ്ചിന്റെ
അന്തർഭാഗത്തെ പദാർത്ഥങ്ങൾ ഉറച്ചതല്ല.

H.M.S CHALLANGER എന്ന ബ്രിട്ടീഷ് കപ്പൽ 4475 ഫാതംസ് മറിയാന ട്രഞ്ചിലെത്താൻ കഴിച്ചിട്ടുണ്ട്.(1875 ൽ).1951-ൽ ബ്രിട്ടീഷ് വെസ്സൽ H.M.S ചലഞ്ചർ ട്രഞ്ചിലേക്ക് എത്തി ശബ്ദം പ്രതിപതിച്ചു.

മറിയാന ട്രഞ്ചിന്റെ ഭൂരിഭാഗവും ഇന്ന് അതീവ സുരക്ഷാഭാഗമായി സംരക്ഷിച്ചു പോരുന്നു .2009-ൽ GEORGE.W .BUSH പ്രസിഡന്റായിരുന്നപ്പോഴാണ് ഇങ്ങനെയൊരു നീക്കം ഉണ്ടായത്.

ഏറ്റവും കൂടുതൽ ആഴമുള്ള സ്ഥാനമായതുകൊണ്ട് അവിടത്തെ ഊഷ്മാവ് ഫ്രീസിങ്ങിന് തൊട്ടുമുമ്പുള്ള അവസ്ഥയിലായിരിക്കുന്നത്.ഏറ്റവും കൂടുതൽ മർദ്ദം അനുഭവപ്പെടുന്ന സ്ഥലമാണിത്.അവിടെ എത്തുമ്പോൾ അമിത മർദ്ദം കാരണം പൊടിഞ്ഞു പോകും.

1960-ൽ U.S അന്തർവാഹിനിയിൽ ജാക്യൂസ് പിക്കാർഡ്,ഡോൺ വാൽഷ് എന്നിവർ മറിയാന ട്രഞ്ചിൽ ആദ്യമെത്തിയ മനുഷ്യരാണ്.20 മിനിറ്റേ അവർക്കവിടെ തങ്ങാനായുള്ളൂ.ഫോട്ടോഗ്രാഫുകൾ എടുക്കാൻ സാധിച്ചില്ല.

പിക്കാർഡ് അദ്ദേഹത്തിന്റെ പുസ്തകത്തിൽ എഴുതി

**"സമുദ്രാന്തർഭാഗത്ത് ജീവൻ സ്ഥിതി ചെയ്യുന്നുണ്ടോ? സാധിക്കും."**

**ഗവേഷണങ്ങൾ നടന്നുകൊണ്ടിരിക്കുന്നു.**

**ജീവന്റെ ഉൽപത്തിക്കുപോലും വ്യക്തമായ ഉത്തരങ്ങൾ ലഭിച്ചേക്കാം.**



**ശോഭന കുമാരി**

**(ഭൗതികശാസ്ത്രഅധ്യാപിക,**

**ഹൈസ്കൂൾ വിഭാഗം)**

# ഭൂമിയുടെ അവകാശികൾ




## ആസ്വാദനക്കുറിപ്പ്

**സാഹിത്യകാരനും,നോവലിസ്റ്റും ,ഫലിതപ്രിയനുമായ വൈക്കംമുഹമ്മദ് ബഷീർ എഴുതിയഭൂമിയുടെഅവകാശികൾ എന്ന പുസ്തകം എന്നെ ഒരുപാട് ആകർഷിച്ചു.എന്റെ ജീവിതവുമായി ബന്ധമുള്ളതാകാം എന്നെ**

**അടക്കിയിരുത്തിയത്.ഞാനും എന്റെലോകവുമായിരുന്നു എനിക്ക് ഏറ്റവും പ്രിയപ്പെട്ടത്.ഈഭൂമി മനുഷ്യനായി മാത്രം സ്രുഷ്ടിക്കപ്പെട്ടതാണ് എന്നുപോലും എന്റെ എളിയമനസ്സിൽ വിചാരിച്ചിരുന്നു.ബഷീർ എന്ന എഴുത്തുകാരൻ എന്റെഎളിയമനസ്സിനെ വിശാലമായി ചിന്തിക്കാൻ പ്രേരിപ്പിച്ചു.കഥയിലേക്ക് കടക്കട്ടെ...**

**ബഷീർ ഒരുസ്ഥലത്ത് രണ്ടേക്കർ ഭൂമി വാങ്ങിച്ചു.ഇത് എന്റെമാത്രം ഭമിയാണ്,ഇവിടെ ആരും അതിക്രമിച്ച് കയറുവാൻ പാടില്ല.ഇങ്ങനെയെല്ലാമാണ് ബഷീർ ചിന്തിച്ചത്.ഒരുദിവസം ചിത്രശലഭങ്ങളും ,തത്തയും,കരീലക്കിളികളും,പ്രാവുകളും ഇങ്ങനെ കുറെയധികം പക്ഷികൾ ബഷീറിന്റെ വീട്ടിൽ വന്നു.അപ്പോൾ ബഷീർ പറഞ്ഞു ഇത് എന്റെ ഭൂമിയാണ് ആർക്കും ഇവിടെ പ്രവേശനം ഇല്ലായെന്ന്.ഇതൊന്നുമറിയാതെ രണ്ടുകാക്കകൾ അവിടത്തെ തെങ്ങിൽ കൂടുണ്ടാക്കി,കൂട്ടിൽ മുട്ടയിട്ടു.കുറച്ചുദിവസങ്ങൾ കഴിഞ്ഞപ്പോൾ മുട്ട വിരിഞ്ഞ് കാക്കകുഞ്ഞങ്ങൾ കരയുവാൻ തുടങ്ങി.കാക്കയുടെ ശബ്ദം കേൾക്കുമ്പോഴേ ദേഷ്യം വരുന്ന ബഷിർ ആ കാക്കകളെ ആട്ടിയോടിച്ചു.അങ്ങനെ പോകുന്നു ബഷീറിന്റെ വില്ലത്തരങ്ങൾ.**

**പിന്നീട് ഒരു അവസരത്തിൽ തന്റെ തെറ്റ് മനസ്സിലായബഷീർ ജീവജാലങ്ങളെ ഓരോന്നിനേയും സ്നേഹിക്കുവാൻ തുടങ്ങുന്നതുമാണ് കഥയുടെ ഉള്ളടക്കം.ഈഭൂമി എല്ലാവർക്കും ഒരുപോലെ അവകാശപ്പെട്ടതാണെന്നുള്ള വലിയ പാഠം ഞാൻ ഈ കഥയിലൂടെ നേടി.**

**സാന്ദ്ര.പി.സതീഷ്,6.എ**





# കാട്

കാടെന്നും നമ്മുടെ
കാട്ടിനുള്ളിൽ പൂത്തു നില്ക്കും
പൂക്കളെല്ലാം നമ്മുടെ
മലകളും പുഴകളുമെല്ലാം
നമ്മുടേതായ് മാറവേ
കാട്ടിനുള്ളിലെ പാട്ടുപോലും
നമ്മുടേതായ് മാറവേ
കാടകത്തിൻ തനിമയതുമൊരു–
പോലെയെന്നും നിർത്തിടാൻ
ഒത്തു ചേർന്നു നമുക്കുപാടാം
ഒത്തു ചേരുക കൂട്ടരേ......

**ആദിത്യസുനിൽ**
9.എ



## ഇതാ

## ചില അളവുളക്ക

## പട്ടികകൾ

12 വിരൽ -1 ചാൺ

2 ചാൺ - 1 മുഴം

4 മുഴം - 1 മാറ്

1000 മാറ് - 1 നാഴിക

2 ആഴക്ക് - 1 ഉഴക്ക്

2 ഉഴക്ക് - 1 ഉരി

2 ഉരി - 1 നാഴി

4 നാഴി - 1 ഇടങ്ങഴി

10 ഇടങ്ങഴി - 1 പറ

6 വീർപ്പ് - 1 വിനാഴിക

60 വിനാഴിക - 1 നാഴിക

2 1/2 നാഴിക - 1 മണിക്കൂർ

7 1/2 നാഴിക - 1 യാനം

8 യാമം - 1 ദിവസം

ശ്രുതി.എസ്

വി.എച്ച്.എസ്സ്.എസ്സ്.കല്ലിശ്ശേരി



# എല്ലാവർക്കും ഒരായിരം

# നന്ദി

## ലിറ്റിൽ കൈറ്റ്സ്

വി.എച്ച്.എസ്സ്.എസ്സ്,
കല്ലിശ്ശേരി